

Give me your tired, your poor,
Your huddled masses yearning to breathe free,
The wretched refuse of your teeming shore.
Send these, the homeless, tempest-tost to me,
I lift my lamp beside the golden door!"

**വീക്ഷണം**

# ഷിറ്റ്ഹോൾ ഗന്ധം

**സുധീർ പണിക്കവീട്ടിൽ**

ഡൊണാൾഡ് ട്രമ്പ് ആഫ്രിക്കൻരാജ്യങ്ങളെ, കൂട്ടത്തിൽ ഹൈതിയും, എൽസാൽവഡോരുമടക്കം "ഷിറ്റ് ഹോൾ കണ്ട്രീസ്"എന്നു വിളിച്ചധിക്ഷേപിച്ചു എന്നു വാർത്ത മീഡിയങ്ങളിൽ നിന്നു നമ്മളറിഞ്ഞു. ഈ വാക്കുകൾ ഉപയോഗിച്ചത് ഒരു രാഷ്ട്രത്തിന്റെ തലവനായത്കൊണ്ട് ഇത് വാർത്തകളിൽ സ്ഥലം പിടിച്ചു. ഇതിനെ

വംശീയാധിക്ഷേപം (ethnophaulism) ആയിട്ടാണു ജനങ്ങൾ കാണുന്നത്. ഇതുമൂലം ട്രമ്പിനെ വംശീയവിരോധിയായി ഭൂരിപക്ഷം വിശേഷിപ്പിച്ചു. അദ്ദേഹം ഉപയോഗിച്ച വാക്കുകൾക്ക് 'വളരെ വ്രുത്തിഹീനമായ, മലിനമായ, ജീർണ്ണിച്ച അരോചകമായ' സ്ഥലമെന്നു അർത്ഥമുണ്ടെങ്കിലും "തീട്ടക്കുഴി" എന്ന പദാനുപദ തർജ്ജമയിൽ ഊന്നിനിൽക്കാനാണു പൊതുജന താൽപ്പര്യം. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുറ്റമെന്ന പഴഞ്ചൊല്ലിനു പതിരില്ലതാകുന്നു. ട്രമ്പിൻെറ പ്രസിഡൻസി ഇഷ്ടമില്ലാത്തവരുടെ എണ്ണം കൂടുതലാണു. അതു കൊണ്ട് അദ്ദേഹത്തിൻെറ ഓരോ വാക്കും പ്രവർത്തിയും പൊതുജനം അതിസൂക്ഷ്മം പരിശോധിക്കും.

പ്രസിഡണ്ടിൻെറ ഷിറ്റ് ഹോൾ കണ്ട്രീസ് എന്ന വിമർശനം വന്നത് റിപ്പബ്ലിക്കൻ സെനറ്റർ ലിൻഡ്സി ഗ്രഹാമും ഡെമോക്രാറ്റിക്യ സെനറ്റർ ഡിക്ക് ഡർബിനും ഇപ്പോഴത്തെ വിസ ലോട്ടറി പ്രോഗ്രാം വെട്ടിക്കുറച്ച് ആ ഒഴിവിലേക്ക് അമേരിക്കയിൽ താൽക്കാലിക സുരക്ഷ അവസ്ഥ അനുവദിച്ചിട്ടുള്ള കഷ്ടപ്പാട് അനുഭവിക്കുന്ന പ്രദേശങ്ങളായ ഹെയ്ത്തി, എൽ സല്വഡോർ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ പൗരന്മാർക്ക് കൊടുക്കുക എന്ന നിർദ്ദേശം വന്നപ്പോഴാണു. ഈ നിർദ്ദേശം പ്രസിഡണ്ടിനു ത്രുപ്തികരമാകത്തതിനാലാണു അദ്ദേഹം അസുഖകരമായ വിധത്തിൽ പ്രതികരിച്ചത് എന്ന് ന്യായീകരിക്കുന്ന രീതിയിൽ വൈറ്റ് ഹൗസിലെ മുഖ്യ ഡെപ്യൂട്ടി പ്രസ്സ് സെക്രട്ടരി രാജ് ഷാ വിശദീകരിക്കയുണ്ടായി. വിസ ലോട്ടറി സിസ്റ്റവും, ചെയിൻ മൈഗ്രേഷനും (കുടുംബ ബന്ധങ്ങൾ വഴി കിട്ടുന്നത്) പൂർണ്ണമായി ശ്രദ്ധകേന്ദ്രീകരിച്ച് മനസ്സിലാക്കിയതിനു ശേഷമുള്ള കുടിയേറ്റ നിർദ്ദേശങ്ങളെ പ്രസിഡണ്ട് സ്വീകരിക്കയുള്ളു. കാരണം മേൽപ്പറഞ്ഞ രണ്ടു പ്രോഗ്രാമുകളും തീവ്രവാദികൾക്ക് അമേരിക്കയിലേക്ക് കടക്കാൻ അവസരം നൽകുന്നു. അതു നമ്മുടെ സമ്പത് വ്യവസ്ഥയെ ബാധിക്കുന്നു. മറ്റു രാജ്യങ്ങളെപോലെ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കുടിയേറ്റമാണ് പ്രസിഡണ്ട് ആഗ്രഹിക്കുന്നത്. സമൂഹത്തിനു നന്മകൾ ചെയ്യാനും അതിൻെറ പുരോഗതിയിൽ ഭാഗഭാക്കുകളാകാനും യോഗ്യതയുള്ളവർ അമേരിക്ക എന്ന മഹത്തായ രാഷ്ട്രത്തിൽ ഒന്നിച്ചു ചേരുമ്പോൾ അതിലൂടെ അമേരിക്കയുടെ സമ്പത് വ്യവസ്ഥയിൽ നേട്ടങ്ങളുണ്ടാകുമെന്ന് പ്രസിഡണ്ട് വിശ്വസിക്കുന്നു.

ഒരു രാഷ്ട്രത്തിൻെറ തലവൻ അദ്ദേഹത്തിൻെറ വാക്കുകൾ വളരെ ശ്രദ്ധാപൂർവ്വം ഉപയോഗിക്കേണ്ടതാണെന്നു നമ്മൾ ഉറപ്പിക്കുമ്പോൾ തന്നെ ഒരു കാര്യം വിസ്മരിച്ചുകൂടാ. അദ്ദേഹം പറഞ്ഞ വാക്കിൻെറ നിഘണ്ടു അർത്ഥം വച്ച് പരിശോധിക്കുമ്പോൾ (പദാനുപദമല്ല) അദ്ദേഹം വിശേഷിപ്പിച്ച രാജ്യങ്ങൾ ആ അർത്ഥപരിധിയിൽ കുറച്ചെങ്കിലും ഉൾപ്പെടുന്നുണ്ടോ? നമ്മുടെ ഭാരതത്തെ ഭിക്ഷക്കാരുടേയും പാമ്പാട്ടികളുടേയും നാടെന്നാണു വിദേശ മാധ്യമങ്ങൾ വിശേഷിപ്പിച്ചിരുന്നത് കുറച്ച് കാലം മുമ്പ് വരെ. ഭാരതത്തിലെ നേതാക്കൾ അതിനെതിരെ പ്രതികരിച്ചില്ല. കാരണം അതിൽ കുറച്ച് വാസ്തവമുണ്ടായിരുന്നു. മോഡി പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം ആ കാലം മാറിയെന്നു രസകരമായി പ്രതികരിച്ചു. അദ്ദേഹം പറഞ്ഞു ഞങ്ങൾ പാമ്പിനെ കളിപ്പിക്കുന്നത് നിറുത്തി കുറച്ച്കൂടി താഴ്ന്നുകൊണ്ട് ഇപ്പോൾ എലികളെ (mouse) കമ്പൂട്ടറിൽ കളിപ്പിക്കയാണെന്നു. കേരളത്തിൻെറ ഇപ്പോഴത്തെ മുഖ്യമന്ത്രിയെ ചെത്തുകാരൻെറ മകൻ എന്നു സവർണ്ണനായ ഒരു മുഖ്യമന്ത്രി വിളിച്ചെങ്കിലും ജനം അതു ഒരു ഫലിതമായി രസിക്കമാത്രമാണു ചെയ്തത്. കാരണം

അതിൽ വാസ്തവമുണ്ടായിരുന്നു. അതുകൊണ്ട് സത്യങ്ങളൊക്കെ വിളിച്ചു പറയാൻ അധികാരത്തിലിരിക്കുന്നവർക്കും അല്ലാത്തവർക്കും സ്വാതന്ത്ര്യമുണ്ടോ എന്ന കാര്യം തർക്കവിധേയമാണ്.

ബോളിവുഡ് താരങ്ങളായ ശിൽപ്പ ഷെട്ടിയും സാൽമാൻ ഖാനും പട്ടികജാതിയിലെ തൂപ്പുകാരെ പരിഹസിച്ചുവെന്ന പേരിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. സുന്ദരിയായ ശിൽപ്പ ഷെട്ടി ഒരു അഭിമുഖത്തിൽ പറഞ്ഞുപോലും "ഞാൻ വീട്ടിൽ ഒരു ബങ്കിയെപോലെ വസ്ത്രങ്ങൾ ധരിക്കുന്നു". ഒരു പക്ഷെ ബങ്കി എന്ന ജാതിപ്പേരിനു പകരം ഒരു തൂപ്പുക്കാരി ജോലി സമയത്ത് ധരിക്കുന്ന വസ്ത്രങ്ങൾ പോലെയെന്നു പറഞ്ഞെങ്കിൽ പ്രശ്നമില്ലയിരുന്നു. പക്ഷെ തൂപ്പുപണി ജീവിത മാർഗ്ഗമായി കൊണ്ടുനടക്കുന്ന ഒരു വിഭാഗത്തിൻെറ പേരു പറഞ്ഞാലെ താൻ ഉദ്ദേശിക്കുന്ന അർത്ഥം ജനം മനസ്സിലാക്കുകയുള്ളുവെന്നു കരുതിയായിരിക്കും അവർ അങ്ങനെ പറഞ്ഞത്. അവർ പിന്നീട് മാപ്പു പറഞ്ഞു.

ചെക്കൊസ്ലേവിക്കൻ പ്രസിഡണ്ട് മുസ്ലീം കുടിയേറ്റക്കാരെ കുറ്റവാളികൾ എന്നു വിളിച്ചു. പോളണ്ടിൽ ഭരണത്തിൽ ഇരിക്കുന്ന പാർട്ടിയുടെ തലവൻ അഭയാർത്ഥികൾ രോഗങ്ങൾ ഒളിഞ്ഞിരിക്കുന്നുവെന്നു ആക്ഷേപിച്ചു. ഹങ്കറിയുടെ നേതാവ് കുടിയേറ്റക്കർ വിഷമാണെന്നും വ്യാഖാനിച്ചു. ഇങ്ങനെയൊക്കെ ഇവർ പ്രസ്താവന നടത്തിയത്കൊണ്ട് ട്രമ്പിൻെറ വിമർശനത്തിനു മറുപടി പറയാൻ അവർ മുതിരുന്നില്ല. പക്ഷെ ലോകമെമ്പാടും അതു അലയടിക്കുന്നുണ്ട്. പക്ഷെ ട്രമ്പിനെ സമ്പന്ധിച്ചേതത്തോളം ഇത്തരം വിമർശനങ്ങൾ പുത്തരിയല്ല. 2016 ലെ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ അദേഹം പ്രസംഗിച്ചു ''മെക്സിക്കോയിൽ നിന്നുള്ള കുടിയേറ്റക്കരിൽ പലരും കുറ്റവാളികളും, ബലാത്സംഗക്കാരും, മയക്കുമരുന്നു ഇടപാടുകാരുമാണു." മുസ്ലീമുകളുടെ അമേരിക്കയിലേക്കുള്ള പ്രവേശനം നിരോധിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ പ്രസിഡണ്ടായപ്പോൾ കർശനമായ പരിശോധനക്ക് വിധേയമായ ശേഷം അനുവദിക്കാമെന്നായി. അതിനുശേഷം ആറു മുസ്ലീം രാജ്യത്തു നിന്നുള്ളവർക്ക് പ്രവേശനം നിഷേധിച്ചു. ഇങ്ങനെയെല്ലാം ഇദ്ദേഹം പറയുന്നതിനു കാരണം എല്ലാറ്റിനും മുമ്പ് അമേരിക്കയെന്ന തീരുമാനമാകാം. അങ്ങനെ ഒരാശയം ആദ്യം കൊണ്ടുവന്നത് പ്രസിഡണ്ട് വൂഡ്രോ വിത്സൺ ആണു (1916ൽ). ട്രമ്പിൻെറ ഉദ്ഘാടന പ്രസംഗം മുൻ പ്രസിഡണ്ടുമാരിൽ നിന്നും വളരെ കുറിയതായിരുന്നു. പ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു ഇന്നു മുതൽ ആദ്യം അമേരിക്ക എന്നുള്ളതായിരിക്കും പരിഗണിക്കുക. പുരാണങ്ങൾ ഒന്നും വിവരിക്കാതെ അദ്ദേഹം വക്കുകൾ ചുരുക്കിയത് നമ്മൾ ഭവിയിലേക്ക് നോക്കുന്നു, അതായ്ത് എങ്ങനെ അമേരിക്കയിലുള്ളവർക്ക് സഹായകമാകാം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാം എന്നു പറഞ്ഞ്കൊണ്ടാണു. ഇവിടേക്ക് കുടിയേറുന്നവർ ഗവണ്മെൻറിനു ബാധ്യതയാകരുതെന്ന പ്രസിഡണ്ടിൻെറ തീരുമാനത്തെ അംഗീകരിക്കാൻ എല്ലാവരും തയ്യാരാകുകയില്ലെന്നു അദ്ദേഹം മനസ്സിലാക്കുന്നില്ലായിരിക്കം. ഏഷ്യക്കാരെ മാത്രുക ന്യൂനപക്ഷമെന്നു വിശേഷിപ്പിക്കുന്നത് അവർ ഇവിടത്തെ മെൽറ്റിങ്ങ് പോട്ടിൽ പൂർണ്ണമായി അലിയുന്നില്ലെങ്കിലും അദ്ധ്വാനിച്ചു ജീവിക്കുന്നത് കൊണ്ടാണു. സർക്കാരിൻെറ ക്ഷേമനിധികളിൽ നിന്നും പണം വാങ്ങി കഴിയാൻ ഒരു ജനസമൂഹം ഇവിടെ എന്തിനു

എത്തുന്നുവെന്നു പ്രസിഡണ്ട് ചിന്തിക്കുന്നുവെങ്കിൽ അതിൽ ആർക്കും പരാതിയുണ്ടാകാൻ വഴിയില്ല. അതേസമയംസ്വാതന്ത്ര്യത്തിന്റെ പ്രതിമയിൽ എഴുതി വച്ചിരിക്കുന്നത് , മിടുക്കന്മാരും, വിദ്യാസമ്പന്നരും, ആരോഗ്യവാന്മാരും, ഒക്കെയായ മികവുറ്റവർ ഉള്ള നാട്ടിലെ പൗരന്മാർക്ക് മാത്രമെ ഇവിടേക്ക് പ്രവേശനമുള്ളുവെന്നല്ല എന്നതും ഈ അവസരത്തിൽ ചിന്തനീയം.

വാക്കുകൾ പിഴച്ചുപോയാൽ എന്തെല്ലാം നാശനഷ്ടങ്ങൾ അതുണ്ടാക്കുമെന്ന ഒരു പാഠം എല്ലാ ഭരണാധികാരികൾക്കും പഠിക്കാം. പിന്നെ രാഷ്ട്രത്തിന്റെ നന്മക്കായി ഒരാൾ പ്രവർത്തിക്കുമ്പോൾ ക്ഷമയോടെ കാത്തിരിക്കേണ്ടത് പൊതു ജനങ്ങളാണു. എന്തായാലും നമ്മുടെ നാട്ടിലെപോലെ കോലാഹലങ്ങൽ ഇവിടെ കുറവാണു. പ്രസിഡണ്ട് ട്രമ്പ് ഇനിയും ഇങ്ങനെയുള്ള അഭിപ്രായങ്ങൾ വിളിച്ച് പറയാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നമുക്കും ഭാവിയിലേക്ക് നോക്കിയിരിക്കാം. ഭാവി മാത്രം ലക്ഷ്യമാക്കാം. അങ്ങനെ ചെയ്യുമ്പോൾ അമേരിക്ക അമേരിക്ക എന്നു മാത്രം പരിഗണിക്കാം.

ശുഭം